**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4593** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ജലസമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സമഗ്രനീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ; | (എ) | ജലമേഖലയിലെ ഇടപെടലിന് സഹായകരമായ രീതിയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നീർത്തട പ്ലാനുകളും ബ്ലോക്കടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നീർത്തട പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായി. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണനാക്രമം നിശ്ചയിച്ച് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നിർവ്വഹിച്ച വരുന്നു. കുന്നത്തുനാട് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇത്തരത്തിൽ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ “ജലസമൃദ്ധി” (മണ്ണ്-ജല സംരക്ഷണം) യുടെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളി ത്തത്തോടും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ സഹകരണത്തോടും തയ്യാറാക്കപ്പെട്ട പ്രസ്തുത പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. ജലവിഭവ സ്രോതസ്സുകൾക്ക് മുൻഗണന നല്കികൊണ്ടാണ് നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ കുന്നത്തുനാട് മണ്ഡലത്തിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര നീർത്തട മാസ്റ്റർ പ്ലാൻ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2017-18 കാലയളവിലെ ഹരിതകേരളം മിഷനു കീഴിലുള്ള ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം. പട്ടിമറ്റം എം.ഐ സെക്ഷനുകീഴിലുള്ള തത്തൻചിറ, ഇരട്ടച്ചിറ, മുറിയൻചിറ, ചമ്പിളിച്ചിറ, |

| | | | |
|---|---|---|---|
| | | | പുഞ്ചംകുളം, ഐനൽചിറ എന്നിവയുടെ പുനരുജ്ജീവനം. 2. എം.ഐ.ക്ലാസ്സ് II ഹരിതകേരളം - മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നം. 8-ലെ കുറ്റാലി പാടശേഖരത്തിൽ കൈതവേലി മഞ്ഞനാട് തോടിനു കുറുകെ വിസിബി നിർമ്മാണം. 3. മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 16-ൽ ഇരിങ്ങൻചിറയെ പി.വി.ഐ.പി കനാൽ സംവിധാനവുമായി ബന്ധിപ്പിക്കൽ. |

സെക്ഷൻ ഓഫീസർ